# ആറ് പുഴകളിൽ മണൽ ഖനനം പൂർണ്ണമായും നിരോധിച്ചു

**മണൽ** ഓഡിറ്റ് പൂർത്തിയാക്കിയ ആറ് പുഴകളിൽ മണൽ ഖനനം പൂർണ്ണമായും നിരോധിക്കാൻ സർക്കാർ ഉത്തരവിട്ടു. നെയ്യാർ, വാമനപുരം, കല്ലട, കബനി, കുറ്റ്യാടി, ചന്ദ്രഗിരി എന്നീ നദികളിലാണ് മണൽ ഖനനം പൂർണ്ണമായും നിരോധിച്ചത്. ഓഡിറ്റ് പൂർത്തിയാക്കിയ ബാക്കിയുള്ള അഞ്ച് പുഴകളിൽ ഭാഗികമായി മാത്രം ഖനനം അനുവദിക്കും. ചാലിയാർ, പെരിയാർ, ഇത്തിക്കര, പമ്പ, കടലുണ്ടി എന്നീ പുഴകളിലാണ് ഭാഗികമായി മാത്രം ഖനനം അനുവദിക്കുന്നത്. വളപട്ടണം, അഞ്ചരക്കണ്ടി, ചാലക്കുടി, കുപ്പം ഉൾപ്പെടെയുള്ള ഒമ്പത് നദികളുടെ മണൽ ഓഡിറ്റ് റിപ്പോർട്ട് കൂടി സർക്കാറിന് ലഭിക്കാനുണ്ട്. 2012ലാണ് മണൽ വാരൽ നിയന്ത്രണ നിയമവുമനുസരിച്ച്, സംസ്ഥാനത്തെ 20 നദികളിൽ നിന്നും ഖനനം നടത്താവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്നതിനായി മണൽ ഓഡിറ്റ് നടത്തുന്നതിന് തീരുമാനിച്ചത്. വിവിധ ഏജൻസികളെയാണ് സർക്കാർ ഇതിനായി ചുമതലപ്പെടുത്തിയത്. രണ്ടുവർഷത്തെ വിശദമായ പഠനത്തിനുശേഷം തയ്യാറാക്കിയ റിപ്പോർട്ടുകളാണ് സർക്കാറിന് ലഭിച്ചത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ ജിയോളജി വിഭാഗം റിവർ മാനേജ്മെന്റ് സെല്ലിന്റെ മേൽനോട്ടത്തിൽ ഈ റിപ്പോർട്ടുകൾ സമാഹരിക്കുകയും ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രം പരിശോധിക്കുകയും ചെയ്തശേഷമാണ് വിവിധ പുഴകളിൽ മണൽ ഖനനം നിരോധിച്ചും ഭാഗികമായിമാത്രം ഖാനനം അനുവദിച്ചും സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്.

പമ്പ നദിയുടെ തീരങ്ങളിലുള്ള പത്തു പഞ്ചായത്തുകളിൽ ഒമ്പതിൽ ഭാഗികമായി ഖനനം അനുവദിച്ചിട്ടുണ്ടെങ്കിലും ആറന്മുള പഞ്ചായത്തിൽ പൂർണ്ണമായും മണൽ ഖനനം നിരോധിച്ചിട്ടുണ്ട്. കടലുണ്ടി പുഴയിൽ 20 പഞ്ചായത്തുകളിൽ 12ലും മണൽ ഖനനം പാടില്ല. ചാലിയാർ പുഴയുടെ തീരപ്രദേശങ്ങളായ എടവണ്ണ, മമ്പാട്, നിലമ്പൂർ എന്നീ പഞ്ചായത്തുകളിലും വാഴക്കാട് പഞ്ചായത്തിൽ ഭാഗികമായും ഖനനം അനുവദിക്കും. എന്നാൽ ചീക്കോട്, കാവന്നൂർ, കൊടിയത്തൂർ, കീഴൂപറമ്പ്, മാവൂർ, ഊർങ്ങാട്ടീരി, ചാത്തമംഗലം, അരീക്കോട്, ചാലിയാർ എന്നിവിടങ്ങളിൽ ഖനനം പാടില്ല പെരിയാറിലും ഖാനനം ഭാഗികമായി മാത്രമേ നടത്താൻ അനുവദിക്കൂ. കീരമ്പാറ, പിണ്ടിമന, വെങ്ങൂർ, ആലുവ നഗരസഭ, കുട്ടമ്പുഴ, ശ്രീമൂലനഗരം, ചെങ്ങമനാട് എന്നിവ ഒഴികെയുള്ള പ്രദേശങ്ങളിലാണ് ഖനനം അനുവദിക്കുക. ഇത്തിക്കര പുഴയിൽ വെള്ളിനെല്ലൂർ, പൂയപ്പള്ളി, കല്ലുവാതുക്കൽ, ആദിച്ചനെല്ലൂർ, ചാത്തന്നൂർ എന്നിവിടങ്ങളിലും ഖനനത്തിന് അനുവാദമില്ല. ഖനനം അനുവദനീയമായ പുഴകളിൽ മൂന്ന് വർഷത്തേക്കുള്ള അനുവാദമാണ് നൽകിയിരിക്കുന്നത്. ഓരോ വർഷവും ഖനനം നടത്തേണ്ട അളവും നിശ്ചയിച്ചിട്ടുണ്ട്.

# അനധികൃത സ്ഫോടക ശേഖരം: ക്വാറി ഉടമയ്ക്കെതിരെ നടപടിയില്ല

**പത്തനംതിട്ട** കലഞ്ഞൂരിലെ പോത്തുപാറയിൽ പ്രവർ ത്തിക്കുന്ന ദർശൻ ഗ്രാനൈറ്റസ് എന്ന ക്വാറിയിൽ നിയമവിരുദ്ധമായി സ്ഫോടകവസ്തു ശേഖരിച്ചിരുന്ന വിവരം പോലീസിന് കാണിച്ചുകൊടുത്ത പരിസ്ഥിതി പ്രവർത്തകർക്കെതിരെ കേസെടുത്തതിൽ പ്രതിഷേധം തുടരുന്നു. സുരക്ഷ ലംഘിച്ച് സ്ഫോടകവസ്തു കൈകാര്യം ചെയ്ത സംഭവത്തിൽ ക്വാറി ഉടമയ്ക്കെതിരെ കേസെടുക്കാതിരുന്ന പോലീസ് പകരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയ പരിസ്ഥിതി പ്രവർത്തകരെയാണ് കേസിൽപ്പെടുത്തിയത്. സംഭവത്തിൽ പ്രതിഷേധിച്ച് 2015 മെയ് 25ന് കലഞ്ഞൂർ ക്രഷർ വിരുദ്ധസമര സമിതിയുടെ നേതൃത്വത്തിൽ കൂടൽപോലീസ് സ്റ്റേഷനു മുൻപിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തിയിരുന്നു. പശ്ചിമഘട്ടസംരക്ഷണ സമിതി സംസ്ഥാന കൺവീനർ എം.ജി.സന്തോഷ് കുമാറാണ് സത്യാഗ്രഹം അനുഷ്ഠിച്ചത്. സ്ഫോടകവസ്തു ദുരുപയോഗത്തിനെതിരെ കേസെടുക്കാമെന്ന് പത്തനംതിട്ട എസ്.പി ഉറപ്പുനൽകിയതിനെ തുടർന്നാണ് ആറാം ദിവസം സന്തോഷ്കുമാർ നിരാഹാരം അവസാനിപ്പിച്ചത്. ക്വാറി മാഫിയയും പോലീസും തമ്മിലുള്ള അവിശുദ്ധ ബന്ധമാണ് നിയമലംഘനം നേരിൽ കാണിച്ചുകൊടുത്തിട്ടും നടപടിയെടുക്കാത്തതിന് പിന്നിലെന്ന് സന്തോഷ് കുമാർ പറയുന്നു. എസ്.പി കൊടുത്ത ഉറപ്പും ഇതുവരെ പാലിക്കാത്തതിൽ പ്രതിഷേധിച്ച് 2015 ജൂലായ് 4, ശനിയാഴ്ച പത്തനംതിട്ട എസ്.പി ഓഫീസിലേക്ക് മാർച്ച് സംഘടിപ്പിക്കാൻ സമരസമിതി തീരുമാനിച്ചിട്ടുണ്ട്. പട്ടയ നിയമങ്ങൾ ലംഘിച്ച് കലഞ്ഞൂർ പഞ്ചായത്തിലെ പോത്തുപാറയിലും അതിരുങ്കലിലും പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെയുള്ള സമരങ്ങൾ ഇതോടെ വീണ്ടും ശക്തമാവുകയാണ്. ബന്ധങ്ങൾക്ക്: 9746577316